LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

130(422) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ ടൂറിസം വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ:

(സി) ടൂറിസം വികസനത്തിന് അനുവദിച്ച തുക ലാപ്സായി പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) 2009-10 സാമ്പത്തിക വർഷത്തിൽ ടൂറിസം വികസനത്തിനായി അനുവദിച്ച തുകയിൽനിന്നും 14,24,68,720 രൂപ (പതിനാലുകോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തി എട്ടായിരത്തി എഴുന്നൂറ്റി ഇരുപതു രൂപ) ചെലവഴിച്ചിട്ടില്ല. 2010-11 സാമ്പത്തിക വർഷത്തിൽ ഇതുവരെ 36,76,64,701 രൂപ (മുപ്പതിയാറു കോടി എഴുപത്തിയാറു ലക്ഷത്തി അറുപത്തിനാലായിരത്തി എഴുന്നൂറ്റി ഒന്ന്) ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന റോഡ് വികസന പദ്ധതികൾക്കായി അനുയോജ്യമായ പദ്ധതികൾ ഇല്ലാതിരുന്നതിനാലാണ് 2009-10 സാമ്പത്തിക വർഷത്തിൽ 14,24,68,720 രൂപ (പതിനാലു കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തി എട്ടായിരത്തി എഴുന്നൂറ്റി ഇരുപതു രൂപ) ചെലവഴിക്കാൻ കഴിയാതെ വന്നത്.

ഇക്കോ ടൂറിസം പദ്ധതി

131(423) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ഇക്കോടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ പ്പെടുത്തി അംഗീകാരം നൽകുന്നതിന് നൽകിയ കത്തിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ:

(ബി) നാളിതുവരെ പൂർത്തീകരിച്ച പദ്ധതികൾ എന്തെല്ലാമെന്നും ഇനി എന്തെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ:

(സി) ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ:

(ഡി) കോന്നി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ:

(ഇ) ഇത്തരത്തിൽ ലഭിച്ചിട്ടുള്ള പണം എന്തെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് ഇനം തിരിച്ചു വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കോന്നി ഇക്കോ ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളൊന്നും തുടങ്ങിയിട്ടില്ല. എന്നാൽ മൂന്നാംഘട്ട വികസനത്തിൽ ഉൾപ്പെടുത്തിയിരുന്ന ചില ഘടകങ്ങൾ 'ഇന്റ ഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ കേരള' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇനം	തുക (രൂപയിൽ)
1. മഴവെള്ള സംഭരണ പദ്ധതി	- 9,80,000
2. സന്ദർശകരുടെയും ആനകളുടെയും സുരക്ഷിതത്വത്തിനായി ആനത്താവളത്തിനു ചുറ്റും വേലി- നിർമ്മിക്കുക.	
(എ) ചെയിൻ ലിങ്ക് ഫെൻസിംഗ്	- 7,07,233
(ബി) ചുറ്റുമതിലും ഗേറ്റും	- 20,92,957
3. പുറത്തുള്ള വാട്ടർ ടാങ്കിന്റെ നവീകരണം	- 2,35,036
4. ലാന്റ് സ്കേപ്പ്&ഹോർട്ടികൾച്ചർ	- 15,10,150
5. കണ്ടിജൻസീസ്	- 53,186
ആകെ	55,78,562

(ബി) 'ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഇക്കോടൂറിസം സർക്യൂട്ട് ഇൻ കേരള' എന്ന പദ്ധതിയിലുൾപ്പെടുത്തി കോന്നി ഡിവിഷനിലേക്ക് അനുവദിച്ച ഇനങ്ങളിൽ 'ചെയിൻ ലിങ്ക് ഫെൻസിഗ്' ജോലി പൂർത്തിയായിട്ടുണ്ട്. ചുറ്റുമതിലും ഗേറ്റും, പുറത്തുള്ള വാട്ടർ ടാങ്കിന്റെ നവീകരണം, ലാന്റ് സ്കേപ്പ്/ഹോർട്ടികൾച്ചർ എന്നീ ജോലികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. മേൽപറഞ്ഞവയിൽ ചുറ്റുമതിലും ഗേറ്റും ടെണ്ടർ എടുത്ത് ആൾ ഏറ്റെടുക്കാത്തതിനാൽ റീ-ടെണ്ടറിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനി പൂർത്തീകരിക്കാനുള്ള ജോലികൾ 2011 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 'ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് 44.62 ലക്ഷം രൂപ കോന്നി ഡിവിഷനിൽ ലഭിച്ചിട്ടുണ്ട്. 30-11-2010-ലെ പ്രോഗ്രസ് സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ടി പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള 44.62 ലക്ഷം രൂപയിൽ 2,13,746 രൂപ (രണ്ട് ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി നാൽപത്തി ആറ് മാത്രം) 'ചെയിൻ ലിങ്ക് ഫെൻസിംഗ്' എന്ന ജോലി പൂർത്തീകരിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly